**<u>മേലെഴുത്തു നം. DHS/6125/2026-EB1 തീയതി</u>** **23-05-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Digitally signed by
Reena K J
Date: 23-05-2026
16:50:50

ആരോഗ്യ വകുപ്പ് ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സജീറ.എൻ., ജൂനിയർ കൺസൾട്ടന്റ് ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 319/2026-ന്മേലുള്ള 17.03.2026 തീയതിയിലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1754/2026/H&FWD തീയതി,തിരുവനന്തപുരം, 21-05-2026

പരാമർശം:-
1. ഡോ.സജീറ.എൻ. ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 28.02.2026 തീയതിയായ നിവേദനം (ANNEXURE A-15)
2. ഡോ.സജീറ.എൻ., ജൂനിയർ കൺസൾട്ടന്റ് ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 319/2026-ന്മേലുള്ള 17.03.2026 തീയതിയിലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.03.2026-ലെ DHS/6125/2026-EB1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ ജോലി നോക്കുന്ന ഡോ.സജീറ.എൻ. ടിയാളുടെ സ്ഥലംമാറ്റം സംബന്ധിച്ച് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 319/2026-ന്മേലുള്ള പരാമർശം (2) ഇടക്കാല ഉത്തരവിൽ അപേക്ഷക സമർപ്പിച്ച പരാമർശം ( 1 ) അപ്പീൽ അപേക്ഷ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു:ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) ഒരു ദിവസം ഏകദേശം 200 km യാത്ര ചെയ്യേണ്ടി വരുന്നുവെന്നും, 82 വയസ്സുള്ള മാതാവിന് dementia ആണെന്നും, വിധവയായ മാതാവ് തന്റെ പൂർണ്ണമായ ആശ്രയത്തിലും പരിചരണത്തിലുമാണ് കഴിയുന്നതെന്നും, പരാതിക്കാരിക്ക് കാൽമുട്ടിന് പരിക്ക് പറ്റിയതിനെ തുടർന്ന് ശസ്ത്രക്രിയക്ക് വിധേയയായിരുന്നു (plate and screw fixation was done in leg) എന്നും, ആ ഭാഗത്ത് സ്ഥിരമായ നീരും വേദനയും വരുന്നതിനാൽ മെഡിക്കൽ ലീവ് എടുക്കേണ്ടി വരുന്നുവെന്നും കൂടാതെ Cervical spondylosis എന്ന രോഗാവസ്ഥയും ഉണ്ടെന്നും ECG variation കണ്ടെത്തിയതിനെ തുടർന്ന് ആയതിനുള്ള മരുന്നുകളും കഴിക്കുന്നതായും ആയത് കാരണം

ദീർഘദൂര യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും തന്റെ അപേക്ഷ അനുകമ്പാർഹമായ സാഹചര്യം അടിസ്ഥാനമാക്കിയും മെഡിക്കൽ ഗ്രൗണ്ടിലും പരിഗണിച്ച് താലൂക്ക് ആശുപത്രി, നീണ്ടകര , ജില്ലാ ആശുപത്രി, മാവേലിക്കര അല്ലെങ്കിൽ കായംകുളം, കരുനാഗപ്പള്ളി , ശാസ്താംകോട്ട് എന്നിവയ്ക്ക് അടുത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൽ അടുത്ത പൊതു സ്ഥലംമാറ്റം വരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (1) അപേക്ഷയിൽ മെഡിക്കൽ ഓഫീസർ പറഞ്ഞിരുന്നു.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ ജോലി നോക്കുന്ന ഡോ.സജീറ.എൻ-ന് മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഉത്തരവ് തീയതി മുതൽ ആറ് മാസത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 319/2026- ന്മേലുള്ള പരാമർശം (2) ഉത്തരവ്: ഇപ്രകാരം അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ബഞ്ച്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ.
Dr.Sajeera.N., Junior Consultant, Parackal House, Kattachira, Kayamkulam - 690 503.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (A2/162/2026-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 21-05-2026 16:01:02
സെക്ഷൻ ഓഫീസർ